തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് തസ്തിക പുനഃസ്ഥാപിക്കുന്ന സമയത്ത് ടി തസ്തികയിൽ ആരും ഇല്ലായിരുന്നു. ഇതിനുപകരമായി തിരുവനന്തപുരത്തുനിന്നും ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക തൃശ്ശൂരിലേയ്ക്ക് മാറ്റിയെങ്കിലും യോഗ്യതയുള്ള ഡോക്ടർമാരില്ലാത്തതു കാരണം ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

(സി) തൃശ്ശൂരിലെ ഇ.എൻ.ടി. വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. എം. കെ. അബ്ദുൾ ഹമീദ് കോഴിക്കോട്ടും കാർഡിയോളജി അസോസിയേറ്റ് പ്രൊഫസർ ഡോ. കെ. ശിവപ്രസാദ് തിരുവനന്തപുരത്തും ജനറൽ മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ. എസ്. ശ്രീനാഥ് തിരുവനന്തപുരത്തും അനാട്ടമി അസിസ്റ്റന്റ് പ്രൊഫ. ഡോ. ആർ. ഗീത തിരുവനന്തപുരത്തും ഭരണപരമായ കാരണങ്ങളിൻമേൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട്. പത്തോളജി ഡിപ്പാർട്ട്മെന്റിൽനിന്നും ആരെയും മാറ്റിയിട്ടില്ല.

ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

157 (1626) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങമനാട്, പുത്തൻവേലിക്കര, മുത്തകുന്നം എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)&(ബി) പുത്തൻവേലിക്കര, മുത്തകുന്നം എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചെങ്ങമനാട് പ്രൈമറി ഹെൽത്ത് സെന്ററിലെ ഒഴിവുള്ള സിവിൽ സർജൻ തസ്തികയിൽ ഉടൻ നിയമനം നടത്തുന്നതാണ്.

സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക അടിസ്ഥാനത്തിലും ദിവസക്കൂലിയിലും നിയമിച്ചവർ

158 (1627) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക അടിസ്ഥാനത്തിലും ദിവസക്കൂലി ഇനത്തിലുമായി ആരോഗ്യ വകുപ്പിൽ എത്ര ഗ്രേഡ്-2 അറ്റൻഡർ, സ്വീപ്പർ എന്നിവർ ജോലി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം തസ്തികകളിൽ, ഏതെല്ലാം ജില്ലകളിലാണ് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly